# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4479 — 13.11.2019 ന് മറുപടിയ്ക്ക്.

### നിലമ്പൂർ, വയനാട്, അട്ടപ്പാടി മേഖലകളിലെ വനങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ, വയനാട്, അട്ടപ്പാടി മേഖലകളിലെ വനങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം സംബന്ധിച്ച് വനം വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;; | (എ) | നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2016 വർഷത്തിൽ മൂന്നു തവണയും 2017 ൽ രണ്ട് തവണയും 2018 ൽ 2 തവണയും 2019 ൽ 3 തവണയും മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലുള്ള വനമേഖലയിൽ 2018 വർഷത്തിൽ 6 തവണയും 2019 ൽ 4 തവണയും മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.<br><br>നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ മക്കിമല, തിരുനെല്ലി ഏരിയകളിലും പേര്യ റെയിഞ്ചിലെ ചാപ്പ, കുഞ്ഞോം ഏരിയകളിലും മാനന്തവാടി റെയിഞ്ചിലെ വാളാരംകുന്ന് മക്കിയാട് ഏരിയകളിലും, സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള പുഞ്ചിരിമറ്റം പണിയ കോളനിക്ക് സമീപവും മാവോയിസ്റ്റ് സാന്നിധ്യം ഉണ്ടായതായി വനം വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ട്.<br><br>സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള പുഞ്ചിരിമറ്റം പണിയ കോളനിക്ക് സമീപം 29.8.2019 ന് രാത്രി 10.30 ന് യൂണിഫോം ധരിച്ച ആയുധധാരികളായ ഒരു സ്ത്രീ ഉൾപ്പെടെയുള്ള 4 അംഗ സംഘം എത്തുകയും അരിയും സാധനങ്ങളും ശേഖരിച്ച് തിരിച്ചുപോവുകയാണ് ഉണ്ടായത്. മേപ്പാടി റെയിഞ്ചിലെ തന്നെ മുണ്ടക്കൈ ഫോറസ്റ്റ് |

സ്റ്റേഷൻ പരിധിയിലുള്ള എറാട്ടുകണ്ട് കോളനിയിൽ 13.09.2019 ന് യൂണിഫോം ധാരികളായ ഒരു സ്ത്രീ ഉൾപ്പെടെയുള്ള 4 അംഗ മാവോയിസ്റ്റ് സംഘത്തിന്റെ സാന്നിധ്യം വൈകിട്ട് 7 മണിയോടുകൂടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഘം പിന്നീട് അരിയും സാധനങ്ങളും ശേഖരിച്ച് തിരിച്ചുപോവുകയുമാണ് ചെയ്തിട്ടുള്ളത്. മേപ്പാടി റെയിഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന എ.വി.ടി ചുളുക്ക എസ്റ്റേറ്റ് ചോലമല ഡിവിഷനിൽ 22.10.2019 ന് മാവോയിസ്റ്റ് സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈകുന്നേരം 6 മണിയോട് കൂടി എസ്റ്റേറ്റ് പാടികളിൽ യൂണിഫോം ധരിച്ച് തോക്കേന്തിയ 3 പുരുഷൻമാർ അടങ്ങിയ സംഘം എത്തുകയും "കനൽപാത" എന്ന ബുള്ളറ്റിൻ വിതരണം ചെയ്യുകയും കൂലി വർദ്ധനവിനായി പോരാടാൻ തൊഴിലാളികളോട് ആഹ്വാനം ചെയ്യുകയും പാടികളിൽ നിന്ന് അരിയും മറ്റു സാധനങ്ങളും ശേഖരിക്കുകയും ചെയ്യുകയുണ്ടായി. കൽപ്പറ്റ റെയിഞ്ചിലെ പടിഞ്ഞാറെത്തറ സെക്ഷൻ പരിധിയിൽ വരുന്നതും മീൻമുട്ടി ഇക്കോടൂറിസം സെന്ററിനോട് ചേർന്നതുമായ ഭാഗത്ത് റാത്തപ്പള്ളി ജോണി, ബേബി കാരക്കൊഴുപ്പിൽ എന്നിവരുടെ വീടുകളിൽ 19.09.2019 ന് രാത്രി 7 മണിയോട് കൂടി യൂണിഫോം ധാരികളായ 3 സ്ത്രീകൾ ഉൾ പ്പെടെ 5 അംഗ സംഘം എത്തുകയും ഭക്ഷണ സാധനങ്ങൾ വാങ്ങിപോവുകയും ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി വനമേഖല, സൈലന്റ് വാലി, നിലമ്പൂർ എന്നീ വനമേഖലകളുടെ തുടർച്ചയായി കിടക്കുന്ന വനപ്രദേശമാണ്. ഇത് തമിഴ്നാട് നീലഗിരി ജില്ലയിലെ വനമേഖലയുമായും അതിർത്തി പങ്കിടുന്നുണ്ട്. 2014 ൽ മുക്കാലിയിൽ സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ച് കെട്ടിടവും, ഹാവ്ലോക്ക് ക്യാമ്പും മാവോയിസ്റ്റുകൾ കത്തിച്ചിരുന്നു. ഇക്കാലത്ത് ഉൾവന പരിശോധന നടത്തിയിരുന്ന വനം വകുപ്പ് ജീവനക്കാരും, മാവോയിസ്റ്റ് പ്രവർത്തകരും നിരവധി തവണ മുഖാമുഖം കാണുകയുമുണ്ടായിട്ടുണ്ട്. എന്നാലും വനം

| | | | |
|---|---|---|---|
| | | | വകുപ്പ് ജീവനക്കാർക്കെതിരെ എന്തെങ്കിലും അക്രമങ്ങൾ മാവോയിസ്റ്റുകളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. നിലമ്പൂരിലെ 2016 ലെ വെടിവെയ്പ്പിൽ രണ്ട് പേർ കൊല്ലപ്പെട്ടതിനു ശേഷം വനപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം ഉണ്ടെങ്കിലും ഊരു കേന്ദ്രീകരിച്ചുള്ള യോഗങ്ങളും, പ്രവർത്തനങ്ങളും കുറവായിരുന്നു. ഇവർ ഊരുകളിൽ എത്തുന്നത് വളരെ കുറഞ്ഞിരുന്നു. ഇക്കാലത്ത് തണ്ടർ ബോൾട്ടിന്റെ പരിശോധന ശക്തിപ്പെടുത്തിയതിനാലാകാം ഇത്. എങ്കിലും മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ കിണറ്റിൻകര, മുരുഗള, ഗൊട്ടിയാർകണ്ടി, കുറുക്കത്തിക്കല്ല്, ഇടവാണി, ഭൂതയാർ, സ്വർണ്ണഗദ്ദ തുടങ്ങിയ പ്രദേശങ്ങളിൽ ഇടയ്ക്കൊക്കെ മാവോയിസ്റ്റ് പ്രവർത്തകർ എത്തുന്ന വിവരം ലഭ്യമായിരുന്നു. |
| **(ബി)** | പ്രസ്തുത മേഖലകളിൽ പോലീസ് തിരച്ചിൽ നടത്തുമ്പോൾ വനം വകുപ്പ് അധികൃതർക്ക് മുൻകൂട്ടി വിവരം നൽകാറുണ്ടോ; പോലീസിന്റെ തിരച്ചിലിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കാറുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | **(ബി)** | മാവോയിസ്റ്റ് സാന്നിധ്യം ഉള്ള മേഖലകളിൽ പോലീസ് തിരച്ചിൽ നടത്തുമ്പോൾ വനം വകുപ്പ് അധികൃതർക്ക് മുൻകൂട്ടി വിവരം നൽകാറില്ല. പോലീസ് തിരച്ചിലിൽ വനം ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുമില്ല. |

സെക്ഷൻ ഓഫീസർ